**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - പാലക്കാട് ജില്ലാ പഞ്ചായത്തിലെ ഡ്രൈവർ - കം - ഓഫീസ് അറ്റൻഡന്റ് ശ്രീ. ഷാജി.ടി.യുടെ 20.01.2017 മുതൽ 18.09.2017 തീയതി വരെയുള്ള ഹാജരില്ലായ്മ കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ) നം. 1690/ 2019/ തസ്വഭവ** **തീയതി, തിരുവനന്തപുരം, 06/ 08/ 2019.**

പരാമർശം: 1. ശ്രീ. ഷാജി.ടി.സമർപ്പിച്ച ശൂന്യവേതനാവധിയപേക്ഷ

2. പഞ്ചായത്ത് ഡയറക്ടറുടെ 07.05.2019 ലെ PAN/ 25240/ 2018/ E14(DP) നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലാ പഞ്ചായത്തിലെ ഡ്രൈവർ - കം - ഓഫീസ് അറ്റൻഡന്റായ ശ്രീ. ഷാജി.ടി.യുടെ 20.01.2017 മുതൽ 31.01.2017 വരെയുള്ള ശൂന്യവേതനാവധിയും 01.02.2017 മുതൽ 30.04.2017 വരെയുള്ള ശൂന്യവേതനാവധിയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അനുവദിച്ച് ഉത്തരവായിരുന്നതായും എന്നാൽ ശ്രീ. ഷാജിക്ക് ആരോഗ്യപരമായ കാരണങ്ങളാൽ തുടർന്നും ജോലിക്ക് ഹാജരാകാൻ കഴിയാതെ വരികയും 01.05.2017 മുതൽ 18.09.2017 വരെ ശൂന്യവേതനാവധിയിൽ തുടരുകയും ചെയ്തു. പ്രസ്തുത അവധികൾ ക്രമവൽക്കരിക്കുന്നതിനായി ശ്രീ. ഷാജി.ടി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചു. പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അനുവദിച്ച് ഉത്തരവായിരുന്ന 20.01.2017 മുതൽ 31.01.2017 വരെയും 01.02.2017 മുതൽ 30.04.2017 വരെയും ഉള്ള ശൂന്യവേതനാവധി റദ്ദ് ചെയ്ത് സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതായും ടി സാഹചര്യത്തിൽ 20.01.2017 മുതൽ 18.09.2017 തീയതി വരെയുള്ള കാലയളവ് ശൂന്യവേതനാവധിയായി ക്രമവൽക്കരിക്കുന്നതിന് ശ്രീ. ഷാജി സമർപ്പിച്ച അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളും അനന്തര നടപടികൾക്കായി പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പാലക്കാട് ജില്ലാ പഞ്ചായത്തിലെ ഡ്രൈവർ - കം - ഓഫീസ് അറ്റൻഡന്റ് ശ്രീ. ഷാജി.ടി.യ്ക്ക് 20.01.2017 മുതൽ 18.09.2017 തീയതി വരെയുള്ള ഹാജരില്ലായ്മ കാലയളവ് കെ.എസ്.ആർ. ഭാഗം I, ചട്ടം 88 പ്രകാരം ആർജ്ജിതാവധിയ്ക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. ഷാജി.ടി, ഡ്രൈവർ - കം - ഓഫീസ് അറ്റൻഡന്റ്, ജില്ലാ പഞ്ചായത്ത്, പാലക്കാട്.
(പഞ്ചായത്ത് ഡയറക്ടർ മുഖേന).
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖേന)
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ **(എ&ഇ)/(ആഡിറ്റ്), കേരള,** തിരുവനന്തപുരം.
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ഡയറക്ടർ, ഐ.കെ.എം. (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഓഫീസ് പകർപ്പ് (ഇപിഎ 2/ 79/ 2019-തസ്വഭവ)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ